# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അലയമൺ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P1/1217/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 25/07/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അലയമൺ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അലയമൺ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അലയമൺ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P1/1217/2022 തീയ്യതി: 25/07/2022

## കൊല്ലം ജില്ലയിലെ അലയമൺ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ അലയമൺ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 26-03-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി അമ്പിളി.എം.ഡി | ഡെപ്യൂട്ടി ഡയറക്ടർ | 22-06-2022 | 30-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-06-2022 | 30-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സജികുമാർ.ജി(ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ))
ശ്രീ.അരുൺകുമാർ.എസ്(അസി.ഓഡിറ്റ് ഓഫീസർ)
ശ്രീ.അനീഷ്.വി.എസ്(സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി.ജയകുമാരിഅമ്മ.ജി((സീനിയർ ഗ്രേഡ് ഓഡിറ്റർ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.എം.ഹംസ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | സെക്രട്ടറി | 12-11-2020 | 29-12-2020 |
| ശ്രീമതി.അസീനാ മനാഫ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.സുരേഷ് കുമാർ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ആരിസ്.എ.എസ് | അസി.എൻജിനീയർ | 01-04-2020 | 18-10-2020 |
| ശ്രീമതി.ഉഷാകുമാരി | അസി.എൻജിനീയർ | 19-10-2020 | 31-03-2021 |
| ശ്രീ.ഫ്രാൻസിസ് ക്രിസ്റ്റി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.ജോയി ഫ്രാൻസിസ് | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.ശ്യാംമോഹൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2020 | 27-08-2020 |
| ഡോ.അനൂപ് നരേന്ദ്രൻനായർ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 28-08-2020 | 31-03-2021 |
| ഡോ.ദീപ.എൽ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| ശ്രീ.തുളസീധരൻനായർ.ഡി | അസി.സെക്രട്ടറി | 01-04-2020 | 15-06-2020 |
| ശ്രീ.മുജീബ്.ബി | അസി.സെക്രട്ടറി | 16-06-2020 | 31-03-2021 |
| ശ്രീ.തുളസീധരൻപിള്ള | ഹെഡ്മാസ്റ്റർ | 01-04-2020 | 07-05-2020 |
| ശ്രീമതി.റീനാ ബേബി | ഹെഡ്മിസ്ട്രസ്സ് | 08-05-2020 | 16-06-2020 |
| ശ്രീമതി.ലതിക.എം | ഹെഡ്മിസ്ട്രസ്സ് | 17-06-2020 | 31-03-2021 |
| ശ്രീമതി.മറിയാമ്മ ഡാനിയേൽ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.അജീഷ് കുമാർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 02-03-2021 |
| ശ്രീ.റിയാസ്.എ.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 03-03-2021 | 31-03-2021 |
| ശ്രീമതി.അശ്വതി.ആർ.എസ് | വി.ഇ.ഒ(അലയമൺ സർക്കിൾ) | 01-04-2020 | 31-03-2021 |
| ശ്രീമതി.സിന്ധു.റ്റി | വി.ഇ.ഒ(ചണ്ണപ്പേട്ട സർക്കിൾ) | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayakumari Amma G (Senior Grade Auditor, On 26-06-2022)<br>Last Updated By: Naseer S (Computer Assistant, On 25-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Aneesh V.S (Senior Grade Auditor, On 26-06-2022)<br>Last Updated By: Naseer S (Computer Assistant, On 25-07-2022) | 1-2 |
| 3 | വാർഷികക്കണക്കുകളിലെ അപാകതകൾ<br>Written By: Aneesh V.S (Senior Grade Auditor, On 26-06-2022)<br>Last Updated By: Thara.T (Auditor, On 25-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Aneesh V.S (Senior Grade Auditor, On 26-06-2022)<br>Last Updated By: Naseer S (Computer Assistant, On 25-07-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Aneesh V.S (Senior Grade Auditor, On 26-06-2022)<br>Last Updated By: Naseer S (Computer Assistant, On 25-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Jayakumari Amma G (Senior Grade Auditor, On 26-06-2022)<br>Last Updated By: Naseer S (Computer Assistant, On 25-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jayakumari Amma G (Senior Grade Auditor, On 26-06-2022)<br>Last Updated By: Naseer S (Computer Assistant, On 25-07-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Aneesh V.S (Senior Grade Auditor, On 26-06-2022)<br>Last Updated By: Naseer S (Computer Assistant, On 25-07-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Jayakumari Amma G (Senior Grade Auditor, On 26-06-2022)<br>Last Updated By: Naseer S (Computer Assistant, On 25-07-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Jayakumari Amma G (Senior Grade Auditor, On 26-06-2022)<br>Last Updated By: Naseer S (Computer Assistant, On 25-07-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Jayakumari Amma G (Senior Grade Auditor, On 26-06-2022)<br>Last Updated By: Naseer S (Computer Assistant, On 25-07-2022) | 1-10 |
| 12 | ലേലത്തുക പൂർണ്ണമായും ഈടാക്കിയിട്ടില്ല.<br>Written By: Jayakumari Amma G (Senior Grade Auditor, On 30-06-2022)<br>Last Updated By: Naseer S (Computer Assistant, On 25-07-2022) | 1-11 |
| 13 | ഇ ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിലുള്ള തുക ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർക്രെഡിറ്റ് നടത്തേണ്ടതാണ്.<br>Written By: G.Sajikumar (Audit Officer (HG), On 30-06-2022)<br>Last Updated By: Naseer S (Computer Assistant, On 25-07-2022) | 1-12 |
| 14 | മരാമത്ത് പ്രവൃത്തികളുടെ പരിശോധന, സുപ്രധാന രജിസ്റ്ററുകൾ ക്രമപ്രകാരം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല<br>Written By: G.Sajikumar (Audit Officer (HG), On 29-06-2022)<br>Last Updated By: Thara.T (Auditor, On 25-07-2022) | 1-13 |
| 15 | പൈപ്പ് ലൈൻ സ്ഥാപിക്കലുമായി ബന്ധപ്പെട്ട് കേരളാ വാട്ടർ അതോറിറ്റിയിൽ ഒടുക്കുവരുത്തിയ തുകകൾ തിരികെ ലഭിച്ചത് സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തണം | 1-14 |

| | | |
|---|---|---|
| | Written By: G.Sajikumar (Audit Officer (HG), On 29-06-2022)<br>Last Updated By: Thara.T (Auditor, On 25-07-2022) | |
| 16 | പാലിന് സബ്സിഡി-തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിതം അനുവദനീയമായതിലും അധികമായി 206748 രൂപ നല്കി.<br>Written By: Aneesh V.S (Senior Grade Auditor, On 26-06-2022)<br>Last Updated By: Thara.T (Auditor, On 25-07-2022) | 1-15 |
| 17 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല,200000 രൂപാ തടസ്സപ്പെടുത്തുന്നു<br>Written By: G.Sajikumar (Audit Officer (HG), On 29-06-2022)<br>Last Updated By: Thara.T (Auditor, On 25-07-2022) | 1-16 |
| 18 | ഫലവൃക്ഷ തൈകളുടെ വിതരണം ഇൻ വോയിസിൽ രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമായ ബാങ്ക് അക്കൗണ്ടിലേക്ക് 32068 രൂപ ട്രാൻസ്ഫർ ചെയ്തു<br>Written By: Aneesh V.S (Senior Grade Auditor, On 28-06-2022)<br>Last Updated By: Thara.T (Auditor, On 25-07-2022) | 1-17 |
| 19 | പാലിയേറ്റീവ് കെയർ പദ്ധതി-കവട്ടേഷൻ ക്ഷണിക്കാതെ വാഹനം വാടകയ്ക്ക് എടുത്തു<br>Written By: Arun Kumar A (Asst. Audit Officer, On 29-06-2022)<br>Last Updated By: Thara.T (Auditor, On 25-07-2022) | 1-18 |
| 20 | അലയമൺ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റേയും, ഉപ കേന്ദ്രത്തിന്റേയും അടിസ്ഥാന സൗകര്യവികസനം- രേഖകൾ ഹാജരാക്കിയിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു.<br>Written By: Arun Kumar A (Asst. Audit Officer, On 29-06-2022)<br>Last Updated By: Thara.T (Auditor, On 25-07-2022) | 1-19 |
| 21 | KMSCL ൽ നിന്ന് 117055 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല-അടിയന്തിര നടപടികൾ അനിവാര്യം<br>Written By: Arun Kumar A (Asst. Audit Officer, On 29-06-2022)<br>Last Updated By: Naseer S (Computer Assistant, On 25-07-2022) | 1-20 |
| 22 | ദേശീയ തൊഴിലുറപ്പ് പദ്ധതി-അവലോകനം<br>Written By: Arun Kumar A (Asst. Audit Officer, On 29-06-2022)<br>Last Updated By: Naseer S (Computer Assistant, On 25-07-2022) | 1-21 |
| 23 | മരാമത്ത് പ്രവൃത്തികളിൽ കാലി ബാരൽ വില ഇനത്തിൽ ഈടാക്കി തനത്ഫണ്ടിൽ അടവാക്കിയിരിക്കുന്ന,29,114 രൂപാ സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തണം<br>Written By: G.Sajikumar (Audit Officer (HG), On 29-06-2022)<br>Last Updated By: Thara.T (Auditor, On 25-07-2022) | 1-22 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jayakumari Amma G (Senior Grade Auditor, On 26-06-2022)<br>Last Updated By: Naseer S (Computer Assistant, On 25-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayakumari Amma G (Senior Grade Auditor, On 26-06-2022)<br>Last Updated By: Naseer S (Computer Assistant, On 25-07-2022) | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 26-06-2022)<br>Last Updated By: Naseer S (Computer Assistant, On 25-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 26-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Aneesh V.S (Senior Grade Auditor, On 26-06-2022)<br>Last Updated By: Thara.T (Auditor, On 25-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Jayakumari Amma G (Senior Grade Auditor, On 26-06-2022)<br>Last Updated By: Jayakumari Amma G (Senior Grade Auditor, On 26-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jayakumari Amma G (Senior Grade Auditor, On 26-06-2022)<br>Last Updated By: Naseer S (Computer Assistant, On 25-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jayakumari Amma G (Senior Grade Auditor, On 26-06-2022)<br>Last Updated By: Naseer S (Computer Assistant, On 25-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jayakumari Amma G (Senior Grade Auditor, On 26-06-2022)<br>Last Updated By: Naseer S (Computer Assistant, On 25-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayakumari Amma G (Senior Grade Auditor, On 26-06-2022)<br>Last Updated By: Naseer S (Computer Assistant, On 25-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 26-06-2022)<br>Last Updated By: Naseer S (Computer Assistant, On 25-07-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

23.03.2020 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2021 | 08/09/2021 | - | - |

### 1-2-1 വാർഷികക്കണക്കുകളിലെ അപാകതകൾ

2019-2020 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെക്കൊടുക്കുന്നു.

2020 21 വാർഷിക കണക്ക് പരിശോധിച്ചതിൽ ഓഡിറ്റിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു

(1) ലൈഫ് വായ്പാ തിരിച്ചടവ് അക്കൗണ്ട് ചെയ്യുന്നതിൽ അപാകതകൾ

എ) ലൈഫ് വായ്പാ തിരിച്ചടവ് ഇനത്തിൽ വികസന ഫണ്ട് ജനറൽ വിഭാഗത്തിൽ നിന്നും 1404235/-രൂപയും വികസന ഫണ്ട് Scp വിഭാഗത്തിൽനിന്ന് 776353/-രൂപയും വികസന ഫണ്ട് TSP വിഭാഗത്തിൽ നിന്നും 14627/-രൂപയും ഉൾപ്പെടെ ആകെ 2195215/-രൂപ സ്രോതസ്സിൽ നിന്നും ലോൺ തിരിച്ചടവ് നടത്തിയിട്ടുണ്ട്. എന്നാൽ വികസന ഫണ്ട് TSP വിഭാഗത്തിൽ നിന്നും കുറവ് ചെയ്ത 14627/-രൂപ ജി.ഒ പ്രോജക്ടിൽ ഉൾപ്പെടുത്തിയില്ല.

ബി ) 2020 21 സാമ്പത്തികവർഷം അക്കൗണ്ട് ശീർഷകം 330500201 Secured Loans-ന് 2180588/-രൂപയാണ് ഡെബിറ്റ് ചെയ്തത്. വികസന ഫണ്ട് (TSP) ൽ നിന്നും കുറവ് ചെയ്ത 14627/-രൂപ പ്രസ്തുത ശീർഷകത്തിൽ നിന്നും കുറവ് ചെയ്തിട്ടില്ല.

സി) 2020-21 സാമ്പത്തികവർഷം അക്കൗണ്ട് ശീർഷകം 440500101 Prepaid Program Expense നിന്നും വായ്പാ തിരിച്ചടവ് ഇനത്തിൽ സ്രോതസ്സിൽ കുറവ് ചെയ്ത 2195215/-രൂപ കുറവ് ചെയ്തിട്ടില്ല.

ഡി) അക്കൗണ്ട് ശീർഷകം 330500201 Secured Loans, ലോൺ രജിസ്റ്റർ എന്നിവ പ്രകാരം 2020-21 സാമ്പത്തിക വർഷം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാതുക 40562680/-രൂപയാണ്. എന്നാൽ 2019-20 സാമ്പത്തിക വർഷം വികസന ഫണ്ട് (TSP ) കുറവ് ചെയ്ത 14706/- രൂപയും 2020-21 സാമ്പത്തിക വർഷം വികസന ഫണ്ട് (TSP) കുറവ് ചെയ്ത 14627/- രൂപയും തിരിച്ചടവിൽ ഉൾപ്പെടുത്തി തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാതുക 40533347/- എന്ന് പുനക്രമീകരിച്ചിട്ടില്ല.

ഇ) വാർഷിക കണക്കുപ്രകാരം വായ്പ എടുത്ത തുകയിൽ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് ശേഷം അവശേഷിച്ച തുക 13073092/-രൂപയാണ് [ B5-B16]. എന്നാൽ വിതരണ രജിസ്റ്റർ ലൈഫ് വെബ്സൈറ്റ് എന്നിവ പ്രകാരം പ്രസ്തുത തുക 15253680/-രൂപയാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | വായ്പ അനുവദിച്ചത് | വായ്പയിൽ നിന്നും വിതരണം ചെയ്ത തുക |
|---|---|---|
| 2018-19 | 17698680/- | 17660000/- |
| 2019-20 | 9004000/- | 8820000/- |
| 2020-21 | 17820000/- | 2789000/- |
| ആകെ | 44522680/- | 29269000/- |

ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് ശേഷം അവശേഷിച്ച തുക - 15253680/-രൂപ

വ്യത്യാസം - 2180588/-രൂപ

വികസന ഫണ്ട് ജനറൽ, എസ് സി പി എന്നിവയിൽ സ്രോതസ്സിൽ കുറവ് ചെയ്ത 2180588/- രൂപയും

വികസന ഫണ്ട് (TSP) സ്രോതസ്സിൽ കുറവ് ചെയ്ത് 29333/-രൂപയും Prepaid Program Expensive ഉൾപ്പെടാത്തത് മൂലം വാർഷിക കണക്കിൽ നിന്നും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് ശേഷം അവശേഷിച്ച തുക സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാകുന്നില്ല.

എഫ്) 2020-21 സാമ്പത്തികവർഷം B-5 ഷെഡ്യൂൾ പ്രകാരം അക്കൗണ്ട് ശീർഷകം 330500202 Secured Loans-loan From HUDCO -ൽ 22500/-രൂപ ബാധ്യത അവശേഷിക്കുന്നു. എന്നാൽ പ്രസ്തുത തുക 27/3/2012 ലെ വൗച്ചർ നമ്പർ 11103101497 പ്രകാരം ലക്ഷംവീട് ഭവനപദ്ധതിയിൽ ദേവദാസ് എന്ന ഗുണഭോക്താവ് തിരിച്ചടച്ച തുകയാണ്. നിലവിൽ അപ്രകാരം ഒരു ലോൺ ബാധ്യത ഇല്ലാത്തതിനാൽ പ്രസ്തുത തുക ബാധ്യത ശീർഷകം, Prepaid Program Expense എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടില്ല.

(2) ലൈഫ് സ്റ്റേറ്റ് ഷെയർ അക്കൗണ്ട് ശീർഷകം 320300199-ൽ 2020-21 സാമ്പത്തികവർഷം 7803099/-രൂപയാണ് വരവ് ഉള്ളത്. എന്നാൽ യഥാർത്ഥ വരവ് 7800000/-രൂപയാണ്. പ്രസ്തുത തുക നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് കറണ്ട് അക്കൗണ്ട് ആകയാൽ പലിശയിനത്തിൽ 3099/-രൂപ വകയിരുത്തിയത് ശരിയല്ല.

(3) 2020-21 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4പ്രകാരം സംയുക്തപ്രോജക്ടുകളുടെ അക്കൗണ്ട് ശീർഷകം 320700204-ൽ 3576678/-രൂപയും അക്കൗണ്ട് ശീർഷകം 320700205-ൽ 447633/-രൂപയും അക്കൗണ്ട് ശീർഷകം 320700405-ൽ 58375/-രൂപയും നീക്കിയിരുപ്പുണ്ട്. മേൽ ശീർഷകത്തിൽ 2020-21 സാമ്പത്തിക വർഷം വരവ്-ചെലവില്ല. മേൽ ശീർഷകത്തിൽ നീക്കിയിരുപ്പായ തുക ഏതെല്ലാം പ്രോജക്ടുകൾക്ക് ലഭിച്ച തുകയാണെന്ന് വ്യക്തമല്ല.

(4) MGNREGS-ഇൻസെന്റീവ് ഇനത്തിൽ അക്കൗണ്ട് ശീർഷകം 160100744 പ്രകാരം 929000/-രൂപ വരവും അക്കൗണ്ട് ശീർഷകം 254200199 പ്രകാരം 915000/-രൂപ ചെലവും ഉണ്ട്. എന്നാൽ വിവിധ ചെലവു രേഖകൾ പ്രകാരമുള്ള ചെലവ് ചുവടെച്ചേർക്കുന്നു.

| ചെക്ക് നം./തീയതി | തുക (രൂപ) |
|---|---|
| 433462/26.8.2020 | 518000/- |
| 433463/26.8.2020 | 411000/- |
| 436466/22.3.2021 | 14000/- |
| ബാങ്ക് അക്കൗണ്ടിൽ റിട്ടേണായ തുക | (-)14000/- |
| ആകെ | 929000/- |

വ്യത്യാസം - 14000/-രൂപ

2020-21 സാമ്പത്തിക വർഷം കേരള വാട്ടർ അതോറിറ്റിയിൽ വിവിധ നിക്ഷേപ പ്രവർത്തികൾക്കായി 728000/-രൂപ നിക്ഷേപിച്ചിട്ടുണ്ട്. (ACR BILL.NO-155/19.10.20, ACR BILL.NO-156/19.10.20, ACR BILL.NO-157/19.10.20, ACR BILL.NO-158/19.10.20, ACR BILL.NO-159/19.10.20) പ്രസ്തുത ബില്ലുകളുടെ ഇ ബിൽ വൌച്ചർ ജനറേറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത തുക ട്രയൽ ബാലൻസ് പ്രകാരം അക്കൗണ്ട് ശീർഷകം 460500202 ൽ Debit ചെയ്തിട്ടുണ്ടെങ്കിലും RP 49 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

(5) IILGMS - ബാങ്ക് റീക്കൺസിലിയേഷൻ പത്രികയിലെ അപാകത

എ) കാനറാ ബാങ്ക് അക്കൗണ്ട് നം. 2856101003536

ബാങ്ക് റീക്കൺസിലിയേഷൻ പത്രിക പ്രകാരം 31.03.2021-ലെ ബാങ്ക് ബുക്ക്, പാസ്സ് ബുക്ക് നീക്കിയിരുപ്പ് – 0

ബാങ്ക് സ്റ്റേറ്റ്മെന്റ്, ബാങ്ക് ബുക്ക് പ്രകാരം 31.03.2021-ലെ നീക്കിയിരുപ്പ് - 706365/-രൂപ

ബി) കോർപ്പറേഷൻ ബാങ്ക് അക്കൗണ്ട് നം.52010135066594

ബാങ്ക് റീക്കൺസിലിയേഷൻ പത്രിക പ്രകാരം 31.03.2021-ലെ-ലെ ബാങ്ക് ബുക്ക്, പാസ്സ് ബുക്ക് നീക്കിയിരുപ്പ് – 0

ബാങ്ക് സ്റ്റേറ്റ്മെന്റ്, ബാങ്ക് ബുക്ക് പ്രകാരം 31.03.2021-ലെ നീക്കിയിരുപ്പ് - 21922/-രൂപ

(6) ലേലമിനത്തിലുള്ള വരവ് വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| വാർഷികധനകാര്യപത്രിക പ്രകാരം | | രജിസ്റ്റർ പ്രകാരം |
|---|---|---|
| അക്കൗണ്ട് ശീർഷകം | തുക (രൂപ) | |
| 350410203 | 84000/- | 445000/- |
| 431400105 | 320000/- | |
| ആകെ | 404000/- | 445000/- |

(7) തൊഴിൽനികുതിയിനത്തിലുള്ള വരവ് വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| വാർഷികധനകാര്യപത്രിക പ്രകാരം | | രജിസ്റ്റർ പ്രകാരം |
|---|---|---|
| അക്കൗണ്ട് ശീർഷകം | തുക (രൂപ) | |
| 350410102 | 12800/- | 378120/- |
| 4311201105 | 80260/- | |
| 4311201101 | 252460/- | |
| ആകെ | 345520/- | 378120/- |

(8) സംയുക്ത പ്രോജക്ടുകൾക്കുള്ള ചെലവ് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

(9) നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുക – വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,13,82,916/-രൂപ |
| വരവ് | 9,38,44,148/-രൂപ |
| ആകെ | 11,52,27,064/-രൂപ |
| ചെലവ് | 7,91,35,433/-രൂപ |
| നീക്കിയിരിപ്പ് | 3,60,91,631/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,11,208/-രൂപ |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | - | 14418000/- | 14418000/- | 14409567/- | 8433/- | സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ട കണക്ക് |
| വികസനഫണ്ട് (എസ്.സി.പി) | - | 8807504/- | 8807504/- | 7918039/- | 889465/- | സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ട കണക്ക് |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് (റ്റി. എസ്.പി) | | 207000/- | 207000/- | 14627/- | 192373/- | സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ട കണക്ക് |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് (United) | | 10016668/- | 10016668/- | 7767124/- | 2249544/- | |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് (TIED) | | 5620000/- | 5620000/- | 2526566/- | 3093434/- | |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | | 6452000/- | 6452000/- | 6425710/- | 26290/- | |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | | 4497000/- | 4497000/- | 3216585/- | 1280415/- | സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ട കണക്ക് |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| ലൈഫ് മിഷൻ സ്റ്റേറ്റ് ഷെയർ | 220000/- | 7803099/- | 8023099/- | 260000/- | 7763099/- | |
| സാക്ഷരത | 7107/- | 34/- | 7141/- | 0 | 7141/- | |
| ശുചിത്വമിഷൻ | 1018130/- | 0 | 1018130/- | 0 | 1018130/- | |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | | |
| ICDS | 3518573/- | 808621/- | 4327194/- | 1700000/- | 2627194/- | |
| MNREGS ഭരണച്ചെലവ് | 97444/- | 1302260/- | 1399704/- | 1397158/- | 2546/- | |
| MNREGS ആസ്തി | 0 | 536550/- | 536550/- | 536550/- | 0 | |
| MNREGS വേതനം | 0 | 54771201/- | 54771201/- | 54771201/- | 0 | |
| സമ്പൂർണ്ണശുചിത്വം | 1595245/- | 2427395/- | 4022640/- | 857121/- | 3165519/- | |
| WGDP | 685519/- | 20846/- | 706365/- | 0 | 706365/- | |
| ജനകീയ പാർപ്പിടം | 58947/- | 2653/- | 60600/- | 0 | 61600/- | |
| മറ്റു ഗ്രാന്റുകൾ | 21311/- | 611/- | 21922/- | 0 | 21922/- | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 213 | 42236000/- | 169 | 42218107/- | 26 | 19 | 79.3% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 97444/- | 1302260/- | 1399704/- | 1397158/- | 2546/- |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് വേതനം | 0 | 54771201/- | 54771201/- | 54771201/- | 0 |
| ആസ്തി | 0 | 536550/- | 536550/- | 536550/- | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) |
|---|---|
| തൊഴിൽരഹിത വേതനം | 54960/- |
| കർഷകതൊഴിലാളി പെൻഷൻ | 7278400/- |
| വിധവാപെൻഷൻ | 22890300/- |
| വാർദ്ധക്യകാലപെൻഷൻ | 33921500/- |
| വികലാംഗപെൻഷൻ | 5838800/- |
| 50 വയസ്സിനുമേലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 314300/- |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 120000/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.6.2022ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,230/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. വൗച്ചറുകൾ, രേഖകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി താരതമ്യേന മെച്ചപ്പെട്ട ഒരു അഭ്യന്തര നിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.4.22 | 10/21-3/22 | 21.4.22 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 4.5.2019 | 2012-13 - 2016-17 | 8.6.17 |

## 1-11 ലേലത്തുക പൂർണ്ണമായും ഈടാക്കിയിട്ടില്ല.

2020-21 വർഷത്തെ ലേല രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെപ്പറയുന്ന ഇനങ്ങൾ ലേലംകൊണ്ട വ്യക്തികളിൽ നിന്നും ലേലത്തുക പൂർണ്ണമായും ഈടാക്കിയിട്ടില്ല.

| ലേലയിനം | ലേലത്തീയതി | ലേലംകൊണ്ട വ്യക്തി | ലേലത്തുക | അടവാക്കിയ തുക | ശേഷിക്കുന്ന തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ചണ്ണപ്പേട്ട പബ്ലിക്ക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് | 12.3.20 | ശ്രീ. ഷൈജു ഷൈജു മൻസിൽ | 146500 | 75000 | 71500 |
| ചണ്ണപ്പേട്ട മാർക്കറ്റിനോട് ചേർന്നുള്ള സ്ഥലത്ത് കൃഷി ചെയ്യുന്നതിനുള്ള അവകാശം | 12.3.20 | ശ്രീ. മുജീബ് ചരുവിള പുത്തൻവീട് | 20100 | 100 | 20000 |
| മാട്ടിറച്ചി സ്റ്റാൾ-1(കരുകോൺ) | 12.3.20 | ശ്രീ. മുജീബ് ചരുവിള പുത്തൻവീട് | 135000 | 60000 | 75000 |
| മാട്ടിറച്ചി സ്റ്റാൾ-1(ചണ്ണപ്പേട്ട) | 12.3.20 | ശ്രീ. മുജീബ് ചരുവിള പുത്തൻവീട് | 250000 | 110000 | 140000 |
| മാട്ടിറച്ചി സ്റ്റാൾ-2(ചണ്ണപ്പേട്ട) | 12.3.20 | ശ്രീ. മുജീബ് ചരുവിള പുത്തൻവീട് | 300000 | 110000 | 190000 |

ഈടാക്കാൻ അവശേഷിക്കുന്ന തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടി അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ തുക ഈടാക്കുന്നതിന് ആർ ആർ നടപടി സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചു. എന്നാൽ ടി വ്യക്തികളിൽ നിന്നും സോൾവൻസി, എഗ്രിമെന്റ് എന്നിവ വാങ്ങി സൂക്ഷിച്ചിട്ടില്ല. ലേലനിബന്ധനകളിലെ ക്രമ നം. 5 ൽ ലേലത്തുകയിൽ മുൻകൂർ ഒടുക്കേണ്ട നാലിലൊന്ന് ഭാഗം ഒഴികെയുള്ള ലേലത്തുക രണ്ടു തുല്യ തവണകളായി 2020 ജൂൺ, സെപ്റ്റംബർ എന്നീ മാസങ്ങളിൽ 30-ാം തീയതിക്കുമുമ്പായോ കുത്തകക്കാർ പഞ്ചായത്തിൽ കുത്തകാവകാശം ഒടുക്കേണ്ടതുമാണ്. ലേലക്കാർ വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ചവരുത്തുന്നപക്ഷം കുത്തകാവകാശം റദ്ദുചെയ്ത് പുനർലേലം അവരുടെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്യേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിലുള്ള നിബന്ധനകളൊന്നും പാലിച്ചതായി കാണുന്നില്ല.ലേലത്തുക പൂർണ്ണമായും ഈടാക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 ഇ ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിലുള്ള തുക ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർക്രെഡിറ്റ് നടത്തേണ്ടതാണ്.

ഇ ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെടെണ്ടർ ഫീ ഇനത്തിൽ 2017-18 വരെയുള്ള കാലയളവിൽ ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽലഭിച്ച 31,700/- രൂപ ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല. ആയത് ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിലവിൽ ഇ ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിലെ അസി. എഞ്ചിനീയറുടെ എസ്.ബി.ഐ, അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തുവരുന്നത്. ടി അക്കൗണ്ടിൽ 30-04-2022 ൽ 1,07,994/- രൂപ നീക്കിയിരുപ്പുണ്ട്. ടിതുക അലയമൺ ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് നടത്തി വിവരം അറിയിക്കേണ്ടതാണ്.

1-13 മരാമത്ത് പ്രവൃത്തികളുടെ പരിശോധന, സുപ്രധാന രജിസ്റ്ററുകൾ ക്രമപ്രകാരം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

1) പെർഫോമൻസ് ഗ്യാരണ്ടി, അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി ഇവയുടെ രേഖകൾ ക്രമപ്രകാരം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

ഗവ. ഉത്തരവ് 429/15/ധനം, 28-09-2015 പ്രകാരം മരാമത്ത് പ്രവൃത്തികളുടെ കരാറിൽ ഏർപ്പെടുമ്പോൾ കരാർതുകയുടെ 5% മൂല്യമുള്ള ബാങ്ക് ഗ്യാരണ്ടി പെർഫോമൻസ് ഗ്യാരണ്ടിയായി നല്കേണ്ടതാണ്. കുറഞ്ഞത് 50% തുകയെങ്കിലും ട്രഷറിയിലെ സ്ഥിരം നിക്ഷേപമായിരിക്കണം. ഇത് Defect Liability Period കഴിഞ്ഞ് 28 ദിവസം കൂടി കാലാവധി ഉള്ളതാവണം. ഈ തുക കരാറുകാരനിൽ നിന്ന് വല്ലതും കിട്ടുവാനുണ്ടെങ്കിൽ ആയത് തട്ടിക്കിഴിച്ച് ബാക്കി പ്രസ്തുത 28 ദിവസത്തിനുശേഷം കരാറുകാരന്റെ രേഖാമൂലമുള്ള അപേക്ഷയിൽ തിരികെ നല്കണം. (Pwd Manual 2009-7). കൂടാതെ ടെണ്ടർ അംഗീകരിക്കപ്പെട്ട കരാറുകാരൻ രേഖപ്പെടുത്തിയ നിരക്ക് എസ്റ്റിമേറ്റിന്റെ 10%ത്തിൽ കുറവാണെങ്കിൽ അത്തരം കരാറുകാർ 10% ത്തിനു മുകളിലുള്ള തുകയ്ക്ക് അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി നല്കണം. ഇതിനുശേഷം കരാറിൽ ഏർപ്പെടണം. 2019-20 സാമ്പത്തിക വർഷത്തിലെ പെർഫോമൻസ് ഗ്യാരണ്ടി, അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി എന്നിവയുമായി ബന്ധപ്പെട്ട സെക്യൂരിറ്റി ഡിപ്പോസിറ്റ് രജിസ്റ്റർ ക്രമപ്രകാരം തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇതിനാൽ. 2020-21, സാമ്പത്തിക വർഷങ്ങളിലെ പെർഫോമൻസ് ഗ്യാരണ്ടി,അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി എന്നിവയുടെ സൂക്ഷിപ്പിൽ ക്രമക്കേടുകൾ ഉണ്ടോയെന്ന് ഓഡിറ്റിന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2) ക്യാഷ് ബുക്ക്, സബ് സിഡിയറി ക്യാഷ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഗവ. ഉത്തരവ് നം 177/2006/ ധനം,12-04-2006 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ ടി ആർ 7എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റേയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റേയും വരവ് ചെലവ് വിവരം രേഖപ്പെടുത്തണം. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്നതിനായി സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി lv) സൂക്ഷിക്കണം. എന്നാൽ2019-20സാമ്പത്തിക വർഷത്തിലെ ക്യാഷ് ബുക്ക്, സബ്സിഡിയറി ക്യാഷ് ബുക്ക് എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഇതുമൂലം ധന ഇടപാടുകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

1-14 പൈപ്പ് ലൈൻ സ്ഥാപിക്കലുമായി ബന്ധപ്പെട്ട് കേരളാ വാട്ടർ അതോറിറ്റിയിൽ ഒടുക്കുവരുത്തിയ തുകകൾ തിരികെ ലഭിച്ചത് സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തണം

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കലുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കും പ്രകാരം തുകകൾ കേരളാ വാട്ടർ അതോറിറ്റിയിൽ ഒടുക്കുവരുത്തിയിരുന്നു.

| ക്രമ നം | പ്രോജക്ട് | തുക സ്വീകരിച്ച സ്ഥാപനം | തുക | ബിൽ നം, തീയതി |
|---|---|---|---|---|
| 1 | കരുകോൺ വെട്ടിത്തിരുപ്പ് റോഡ് കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ (103/21)<br>അടങ്കൽ തുക-1,94,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | കേരളാ വാട്ടർ അതോറിറ്റി | 1,94,000 | 23/20-21, 23-10-2020 |
| 2 | പള്ളിത്തേരി പോത്തൻപാറ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ (60/21)<br>അടങ്കൽ തുക-1,50,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | കേരളാ വാട്ടർ അതോറിറ്റി | 1,50,000 | 22/20-21, 23-10-2020 |
| 3 | വയലാ ആവിയോട് കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ (60/21)<br>അടങ്കൽ തുക-1,50,000/- (ധനകാര്യ കമ്മീഷൻ | കേരളാ വാട്ടർ അതോറിറ്റി | 1,50,000 | 21/20-21, 23-10-2020 |

| | | | | |
|---|---|---|---|---|
| | ഗ്രാന്റ്) | | | |
| 4 | പുത്തയം മൂന്നാറ്റിൻമൂല പൈപ്പ് ലൈൻ നീട്ടൽ (61/21) അടങ്കൽ തുക-1,34,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് | കേരളാ വാട്ടർ അതോറിറ്റി | 1,34,000 | 25/20-21, 23-10-2020 |
| | | | 628000 | |

എന്നാൽ ജലജീവൻ പദ്ധതി നടപ്പിലാക്കി വരുന്ന പഞ്ചായത്ത് ആയതിനാൽ ടി പ്രവൃത്തികൾ നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഒടുക്കിയ തുക ഗ്രാമ പഞ്ചായത്തിന് തിരികെ ലഭ്യമാക്കി ചെക്ക് നം. 927497, തീയതി 17-06-2022 പ്രകാരം ടി 4 പ്രോജക്ടുകൾക്കായി നല്കിയ 628000/- രൂപയും മുൻപ്രോജക്ട് പ്രകാരം തിരികെ ലഭിക്കാനുള്ള 9000/- രൂപയും ചേർത്ത് 637000/- രൂപ തിരികെ ലഭിച്ചു. ടി തുക സർക്കാരിലേയ്ക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി (നം 7, 28-06-2022)

1-15 പാലിന് സബ്സിഡി-തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിതം അനുവദനീയമായതിലും അധികമായി 206748 രൂപ നല്കി.

പ്രോജക്ട് നം – 34/2021

നിർവഹണ ഉദ്യോഗസ്ഥ - ഡയറി ഫാം ഇൻസ്ട്രക്ടർ

ക്ഷീര സംഘത്തിൽ നൽകുന്ന പാലിന് ക്ഷീരവികസനവകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ ലിറ്ററൊന്നിന് നാല് രൂപ തോതിൽ ഒരു വർഷം പരമാവധി 40000/- രൂപ ഒരു കർഷകന് സബ് സിഡിയായി നൽകാമെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവത്സരപദ്ധതി കാലയളവിലെ സബ്സിഡി മാനദണ്ഡങ്ങൾ സംബന്ധമായ 14. 12. 18 ലെ സ.ഉ( കൈ) നം 22/18/തസ്വഭവ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട് .

സംസ്ഥാനവിഹിതം ലഭ്യമല്ലെങ്കിൽ അതും തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകണമെന്ന് സബ്സിഡി മാർഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും പരമാവധി ലിറ്ററിന് 3 രൂപ തോതിലാണ് സബ്സിഡി നൽകാവൂന്നത്.

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണം നടത്തിയ പാലിന് സബ്സിഡി (പ്രോ നം. 34/21) എന്ന പ്രോജക്ടിന് 4 സഹകരണസംഘങ്ങളിലെ 207 ഗുണഭോക്താക്കൾക്ക് 04/2020 മുതൽ 07/2020 വരെയുള്ള പാൽ അളവിന് ലിറ്ററൊന്നിന് 3.981 രൂപ തോതിൽ ( 2.281 രൂപ നിരക്കിൽ വികസന ഫണ്ട് +1.7 രൂപ നിരക്കിൽ ജില്ല പഞ്ചായത്ത് വിഹിതം) സബ്സിഡി നൽകി. .വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ വിശദാംശം | ഗുണഭോക്താക്കളുടെ എണ്ണം | പാൽ അളവ് (ലിറ്റർ) | അനുവദിച്ച തുക | പഞ്ചായത്ത് വിഹിതം ഇനത്തിൽ പരമാവധി ലിറ്ററിന് 3 രൂപ തോതിലാണ് സബ്സിഡി നൽകാവൂന്നത് | അധിക തുക |
|---|---|---|---|---|---|---|
| 1 | ബിൽ നം. 1/07-10-2020 ഏരൂർ ക്ഷീരോത്പാദക സഹകരണ സംഘം 04/2020 മുതൽ 07/2020 വരെ | 6 | 13234 | 30183 | 39702 | 12977 |
| | ബിൽ നം. 5/11-01-2021 ഏരൂർ | 6 | 13234 | 22496 | | |

| | | | | | | |
|---|---|---|---|---|---|---|
| | ക്ഷീരോത്പാദക സഹകരണ സംഘം 04/2020 മുതൽ 07/2020 വരെ | | | | | |
| | ആകെ | | | 52679 | | |
| 2 | ബിൽ നം. 2/07-10-2020 കണ്ണംകോട് ക്ഷീരോത്പാദക സഹകരണ സംഘം 04/2020 മുതൽ 07/2020 വരെ | 93 | 127217 | 290138 | 381651 | 116577 |
| | ബിൽ നം. 6/11-01-2021 കണ്ണംകോട് ക്ഷീരോത്പാദക സഹകരണ സംഘം 04/2020 മുതൽ 07/2020 വരെ | 93 | 127217 | 208090 | | |
| | ആകെ | | | 498228 | | |
| 3 | ബിൽ നം. 3/07-10-2020 ചണ്ണപ്പേട്ട ക്ഷീരോത്പാദക സഹകരണ സംഘം 04/2020 മുതൽ 07/2020 വരെ | 57 | 50171 | 114408 | 150513 | 49158 |
| | ബിൽ നം. 7/11-01-2021 ചണ്ണപ്പേട്ട ക്ഷീരോത്പാദക സഹകരണ സംഘം 04/2020 മുതൽ 07/2020 വരെ | 57 | 50171 | 85263 | | |
| | ആകെ | | | 199671 | | |
| 4 | ബിൽ നം. 4/07-10-2020 കരുകോൺ ക്ഷീരോത്പാദക സഹകരണ സംഘം 04/2020 മുതൽ 07/2020 വരെ | 51 | 28627 | 65271 | 85881 | 28036 |
| | ബിൽ നം. 8/11-01-2021 കരുകോൺ ക്ഷീരോത്പാദക സഹകരണ സംഘം | 51 | 28627 | 48646 | | |

| | | | | | |
|---|---|---|---|---|---|
| | 04/2020 മുതൽ<br>07/2020 വരെ | | | | |
| | ആകെ | | 864495 | 657749 | 206748 |

തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും അധികമായി നൽകിയ 206748 രൂപ ക്ഷീര വികസന വകുപ്പിൽ നിന്നും ലഭ്യമാക്കി ക്രമീകരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.

1-16 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല,200000 രൂപാ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിട്ടുള്ള പ്രകാരം ഒടുക്കവരുത്തിയിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് | തുക സ്വീകരിച്ച സ്ഥാപനം | തുക | ബിൽ നം, തീയതി |
|---|---|---|---|---|
| 1 | ജീവനം പദ്ധതി (03/21)<br>അടങ്കൽ തുക - 50,000 (വികസന ഫണ്ട്) | സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കൊല്ലം | 50,000 | 17/20-21,<br>22-09-2020 |
| 2 | ജില്ലാ ആസൂത്രണ സമിതി കെട്ടിട നിർമ്മാണം (228/21)<br>അടങ്കൽ തുക - 1,50,000 (വികസന ഫണ്ട്) | ജില്ലാ ആസൂത്രണ സമിതി,കൊല്ലം | 1,50,000 | 34/20-21,<br>04-02-2021 |
| | ആകെ | | 200,000 | |

വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം7, 28-06-2022) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കിക്കൊള്ളാം എന്ന് മറുപടി ലഭ്യമാക്കി, വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 200000/- രൂപായുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം - നം7, 28-06-2022

തടസ്സം - 200000/- രൂപ

1-17 ഫലവൃക്ഷ തൈകളുടെ വിതരണം ഇൻ വോയിസിൽ രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമായ ബാങ്ക് അക്കൗണ്ടിലേക്ക് 32068 രൂപ ട്രാൻസ്ഫർ ചെയ്തു

പ്രോജക്ട് നം – 211/2021 (ഫലവൃക്ഷ തൈകളുടെ വിതരണം )

നിർവഹണ ഉദ്യോഗസ്ഥ – കൃഷി ഓഫീസർ

ബിൽ നമ്പർ – 10/28-03-2021 - 76438/- ( വികസന ഫണ്ട് പൊതു വിഭാഗം)

ഫലവൃക്ഷ തൈകൾ വിതരണം പദ്ധതിയുടെ ഭാഗമായി ഫലവൃക്ഷങ്ങൾ വിതരണം ചെയ്തതിന് Farm System Research Station Sadanandapuram (KAU) സമർപ്പിച്ച 31/12/2020 -ലെ ഇൻവോയ്സ് നമ്പർ 322/ K/000116/2020-21 ൽ രേഖപ്പെടുത്തിയിരിക്കുന്നത്, 67338121821 (IFSC SBIN0070272 ) എന്ന അക്കൗണ്ട് നമ്പർ ആണ് എന്നാൽ ബിൽ നമ്പർ 10/28-03-2021 പ്രകാരം വികസന ഫണ്ട് പൊതു വിഭാഗത്തിൽ നിന്നും പിൻവലിച്ച 76438/- രൂപയിൽ 32063/- രൂപ 67338121822 (IFSC SBIN0070272 ) എന്ന അക്കൗണ്ട് നമ്പറിലേക്കാണ് ട്രാൻസ്ഫർ ചെയ്തത്. മേൽ അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ക്ലറിക്കൽ പിശകുമൂലം

അക്കൗണ്ട് നമ്പർ മാറി തുക അനുവദിച്ചതാണെന്നും പ്രസ്തുത തുക യഥാർത്ഥ അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്യാൻ 28.6.2022 ൽ ട്രഷറിക്ക് കത്തു നൽകിയതായും അറിയിച്ചിട്ടുണ്ട്. 32063/- രൂപ കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എക്വയറി നമ്പർ 01/21-06-22

1-18 പാലിയേറ്റീവ് കെയർ പദ്ധതി-ക്വട്ടേഷൻ ക്ഷണിക്കാതെ വാഹനം വാടകയ്ക്ക് എടുത്തു

പ്രോജക്ട് നമ്പർ - 16 /21

പാലിയേറ്റീവ് കെയർ പദ്ധതി.

ആകെ അടങ്കൽ - 792000/- രൂപ (വികസന ഫണ്ട് പൊതുവിഭാഗം)

ആകെ ചെലവ് - 772665/- രൂപ

ബിൽ നം. തുക

1/21-12800

3/21-12800

4/21-12800

6/21-12800

8/21-8800

10/21-12800

1 1/21-12800

13/21- 12800

14 /21- 12800

17/21-12800

18/21- 12800

---

ആകെ= 136800

പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി ഹോം കെയർ ടീമിന് വാഹന സൗകര്യം നൽകിയതിന് ശ്രീ. സലാഹുദീൻ എന്ന വ്യക്തിയ്ക്ക് (ഉപയോഗിച്ച വാഹനം- KL 02 P8471) ആകെ – 136800/- രൂപ 20-21 സാമ്പത്തിക വർഷം മേൽ പ്രസ്താവിത ബില്ലുകൾ വഴി നൽകിയിട്ടുണ്ട്.

വാഹന ഉടമ സമർപ്പിച്ച ട്രിപ്പ് ഷീറ്റിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിരിക്കുന്നത്.ഹോം കെയർ വിസിറ്റിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയോ ആരോഗ്യ സ്ഥാപനത്തിന്റെയോ വാഹനം ലഭ്യമല്ലാത്ത സാഹചര്യത്തിൽ 07.03.19-ലെ സ.ഉ.(സാധാ.) നം.533/2019/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരമുള്ള പാലിയേറ്റീവ് കെയർ പദ്ധതി മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ക്വട്ടേഷൻ ക്ഷണിച്ചാണ് പാലിയേറ്റീവ് കെയർ പദ്ധതിക്കായി വാഹനം വാടകയക്ക് എടുക്കേണ്ടത്. ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്ന വാഹനമായിരിക്കണം വാടകയ്ക്ക് എടുക്കേണ്ടത്. എന്നാൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, വാഹനം വാടകയ്ക്ക് എടുക്കുന്നതിന് വേണ്ടി ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമല്ല. ക്വട്ടേഷൻ നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം തീർപ്പാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 6/25.6.22

1-19 അലയമൺ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റേയും, ഉപ കേന്ദ്രത്തിന്റേയും അടിസ്ഥാന സൗകര്യവികസനം- രേഖകൾ ഹാജരാക്കിയിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ - 141/21 സ്പിൽ ഓവർ

ആകെ അടങ്കൽ - 222800/- രൂപ (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്.)

ആകെ ചെലവ് - 211208/- രൂപ

ബിൽ നം - 2/21, 15.6.20-134402

ബിൽ നം - 16/21-16.2.21-76806

അലയമൺ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റേയും, ഉപ കേന്ദ്രത്തിന്റേയും അടിസ്ഥാന സൗകര്യവികസനം എന്ന പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി SIDCO യുടെ 12-2-21 തീയതിയിലെ ഇൻവോയിസ് നമ്പർ ALPY/20-21/169 പ്രകാരം മോഡ്യുലാർ മെഡിസിൻ റാക്ക് (1), സ്റ്റക്ചർ ടോളി (1), വീൽ ചെയർ (1) എന്നിവ വാങ്ങുന്നതിനായി 76806/- രൂപ SIDCO-യുടെ 5706853549 എന്ന അക്കൗണ്ടിലേയ്ക്ക് അടവാക്കിയിട്ടുണ്ട്. കൂടാതെ കമ്പ്യൂട്ടർ, പ്രിന്റർ : ഇലക്ട്രോണിക്ക് ഡിസ്പ്ലേ ബോർഡ് ഇവ വാങ്ങുന്നന്നതിനായി 134402/- രൂപ കേരള സ്റ്റേറ്റ് ഐ.ടി മിഷന്റെ 1991400003959 എന്ന അക്കൗണ്ടിലേക്കും അടവാക്കിയിട്ടുണ്ട്.
എന്നാൽ മേൽ പ്രസ്താവിത സാധനങ്ങൾ ലഭിച്ചതിന്റേയോ സ്റ്റോക്കിലെടുത്ത് ഉപയോഗിയ്ക്കുന്നതിന്റേയോ വിവരങ്ങൾ യാതൊന്നും ഫയലിൽ ലഭ്യമല്ല പ്രസ്തുത വിവരങ്ങൾ ആരാഞ്ഞ് - നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത സാധനങ്ങൾ ലഭ്യമായോ എന്ന് അറിയാൻ സാധിക്കുന്നില്ല. ആയതിനാൽ 211208/- രൂപായുടെ ചെലവ് തടസ്സത്തിൽവയ്ക്കുന്നു. വാങ്ങിയ സാധനങ്ങൾ/ഉപകരണങ്ങൾ എന്നിവയുടെ ഒറിജിനൽ ടാക്സ് ഇൻവോയിസ്, സ്റ്റോക്കിലെടുത്തതിന്റെ,വിനിയോഗവിവരങ്ങൾ എന്നിവ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.
തടസ്സപ്പെടുത്തുന്ന തുക - 211208/- രൂപ
ഓഡിറ്റ് എൻക്വയറി നം - 6/25.6.22

1-20 KMSCL ൽ നിന്ന് 117055 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല- അടിയന്തിര നടപടികൾ അനിവാര്യം

മെഡിക്കൽ ഓഫീസർ,പി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മരുന്ന് വാങ്ങൽ എന്ന പദ്ധതിക്കായി മെയിന്റനൻസ് ഫണ്ട്-(റോഡിതരം)ൽ നിന്നും 718623/-രൂപ കെ.എം.എസ്.സി.എല്ലിന് മുൻകൂറായി നൽകിയെങ്കിലും നാളിതുവരെ മുഴുവൻ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല .

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ ഫണ്ടിനം. | K.M.S.C.L-ന് നൽകിയ തുക(രൂപ) | ബില്ല് നം./തീയതി | കെ.എം.എസ്.സി.എൽ. പ്രൊഫോർമ നം./തീയതി | ലഭിച്ച മരുന്നുകളുടെ വില(രൂപ) | ലഭിയ്ക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില(രൂപ) |
|---|---|---|---|---|---|
| 37/2021 പി.എച്ച്.സി യിലേക്ക് മരുന്നുവാങ്ങൽ മെയിന്റനൻസ് ഫണ്ട്, നോൺ റോഡ് | 718623 | 15/16.2.21 239623, 7/21,21.10.20 479000- | PRF 4747-239623 PRF 2568-479000 | 601568 | 117055 |

മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് കെ.എം.എസ്.സി.എൽ. അധികാരികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ച് വരുന്നുവെന്നാണ് ചുമതലപ്പെട്ടവർ അറിയിച്ചിട്ടുള്ളത്. മരുന്നുകൾ ലഭ്യമാക്കി രേഖകളും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം-6/25.6.22

1-21 ദേശീയ തൊഴിലുറപ്പ് പദ്ധതി-അവലോകനം

2020-2021 സാമ്പത്തിക വർഷത്തിൽ 2454 കുടുംബങ്ങൾക്കായി തൊഴിൽ നൽകിയ ആകെ മനുഷ്യദിനങ്ങൾ 151518 ആണ്. ഇതിൽ 100 ദിനങ്ങൾ പൂർത്തിയാക്കിയ 994 കുടുംബങ്ങൾ ഉൾപ്പെടുന്നു. ആകെ 55307751/- രൂപയുടെ ചെലവ്, ഭൂവികസനം, ലൈഫ് ഭവന നിർമ്മാണം, ജല സംരക്ഷണ പ്രവൃത്തികൾ എന്നിവയ്ക്കായാണ് മുഖ്യമായും വിനിയോഗിച്ചത്.

രേഖകളുടെ പരിശോധന- ഓഡിറ്റ് നിരീക്ഷണങ്ങൾ

1. വസ്തുക്കളുടെ ആകെ വിസ്തൃതിയിൽ (കരം രസീത് പ്രകാരം ) നിന്നും പ്രവൃത്തി നടത്തിയ വിസ്തൃതിയുടെ വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല.

2. നടത്തിയ പ്രവൃത്തികളുടെ വിവരം ഇനം തിരിച്ച് ഭൂവുടമസ്ഥർ/ ബന്ധപ്പെട്ട മേറ്റുമാർ സാക്ഷ്യപ്പെടുത്തുന്നില്ല.

3. ലൈഫ് ഭവനം, റോഡ് നിർമ്മാണം, കിണർ, തൊഴുത്ത് നിർമ്മാണം എന്നീ മെറ്റീരിയൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട എല്ലാ പ്രോജക്ട് ഫയലുകളിലും തൊഴിലുറപ്പ് തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന ഫോട്ടോകൾ പരിമിതമാണ്.

4. സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തൽ പരിമിതമായതിനാൽ, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് പര്യാപ്തമല്ല.

5 പ്രവൃത്തിയുടെ ഫോട്ടൊകൾ കൃത്യമായി ഫയലിൽ ഉൾപ്പെടുത്താത്തതിനാൽ, പ്രോജക്ട് യോഗങ്ങൾ നടത്തിയതിന്റെയും, പ്രവൃത്തി സൈറ്റുകളിൽ ബോർഡ് സ്ഥാപിച്ചത് ഉറപ്പാക്കുന്നതിനും, പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിനും സാധിക്കുന്നില്ല.

ഉദ്യോഗസ്ഥതല/ഭരണതല വീഴ്ചകൾ

1. ഗ്രാമസഭകൾ കൂടി അതിന്റെ പരിധിയിൽ വരുന്ന എല്ലാ പദ്ധതികളുടേയും മേൽനോട്ടം, സാമൂഹിക പരിശോധന, സോഷ്യൽ ഓഡിറ്റ് എന്നിവ നിർവ്വഹിക്കുന്നില്ല.

2. വാർഡ് തലത്തിൽ വിജിലൻസ് & മോണിറ്ററിംഗ് കമ്മറ്റികാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

3. എസ്റ്റിമേറ്റിന്റെ വിവരം, ആവശ്യമായ തൊഴിൽ ദിനങ്ങൾ, പണിചെയ്യുന്നവരുടെ എണ്ണം എന്നിവ തൊഴിലാളിയുടെപൊതു ജനത്തിന്റെ/ അറിവിലേയ്ക്കായി എഴുതി പ്രദർശിപ്പിക്കുന്നില്ല.

4. ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, ജില്ലാ പ്രോഗ്രാം കോഡിനേറ്റർ എന്നിവരുടെ ചുമതലയിൽ പെടുന്ന പ്രവൃത്തികളുടെ പ്രാദേശിക പരിശോധനകൾ പരിമിതമാണ്.

5. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ഉത്തരവിന്റെ (ജി.ഒ.എം. എസ് 305/2010 തീ. 21.2.2010) അടിസ്ഥാനത്തിൽ രൂപീകരിച്ച സോഷ്യൽ ഓഡിറ്റ് സെൽ 2020-21 വർഷത്തിൽ പ്രവർത്തിച്ചതായി കാണുന്നില്ല.

മേൽ നിരീക്ഷണങ്ങൾ ഭരണ സമിതി, വികസന സ്റ്റാൻഡിംഗ് കമ്മറ്റി എന്നിവരുടെ ശ്രദ്ധയ്ക്കും തുടർ നടപടികൾക്കുമായി കൊണ്ടുവരുന്നു.

ഓഡിറ്റ് എൻക്വയറി നം – 9/28.8.22

1-22 മരാമത്ത് പ്രവൃത്തികളിൽ കാലി ബാരൽ വില ഇനത്തിൽ ഈടാക്കി തനത്ഫണ്ടിൽ അടവാക്കിയിരിക്കുന്ന,29,114 രൂപാ സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തണം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ചെയ്ത താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവൃത്തികളിൽ ബിറ്റുമിൻ/ ഇമൽഷൻ എന്നിവയ്ക്ക് ഡി.എസ്.ആർ.2016 പ്രകാരം പാക്ക്ഡ് ബിറ്റുമിനുള്ള നിരക്കാണ് നൽകിയിരുന്നതെങ്കിലും. ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയുടെ അളവിനനുസൃതമായി ബാരലിൻറെ വില കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടില്ലായിരുന്നു.

| ക്രമ നം | പ്രവൃത്തി വിവരം | ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട വില (238+18% ജി.എസ്.ടി.) |
|---|---|---|---|
| 1 | പ്രവൃത്തി - ഉണക്കത്തോട് ആനക്കുളം റോഡ് റീ ടാറിംഗ് | 24 | 6744/- |

| | | | |
|---|---|---|---|
| | അടങ്കൽ തുക - 460000/- (സംരക്ഷണ ഗ്രാന്റ് റോഡ്)<br>കരാറുകാരൻ – ശ്രീ. അരുൺ സഹദേവൻ<br>കരാർ - 13/AE/LSGD/ALN/20-21, 22-06-20<br>ചെലവ് - 459248/-<br>ബിൽ നം – 80/20-21 തീ – 19-02-21 | | (അന്തിമബിൽ പ്രകാരം കാലിബാരൽ വില ഇനത്തിൽ 672 രൂപാ കുറവുവരുത്തിയിട്ടുണ്ട്) ഇനി ഈടാക്കേണ്ട തുക – 6072/- രൂപ |
| 2 | പ്രവൃത്തി - ആനക്കുളം കൈതാടി റോഡ് റീ ടാറിംഗ്<br>അടങ്കൽ തുക – 200000/- (സംരക്ഷണ ഗ്രാന്റ് റോഡ്)<br>കരാറുകാരൻ - ശ്രീ. കെ. എസ് നിസാറുദ്ദീൻ<br>കരാർ - 77/AE/LSGD/ALN/19-20, 20-03-20<br>ചെലവ് - 199805/-<br>ബിൽ നം - 76/20-21 തീ – 28-01-21 | 11 | 3091 |
| 3 | പ്രവൃത്തി - വർഷാ ഉത്താംമ്പള്ളി റോഡ് റീ ടാറിംഗ്<br>അടങ്കൽ തുക – 314000/- (വികസന ഫണ്ട്)<br>കരാറുകാരൻ - ശ്രീ. അയൂബ്ഖാൻ<br>കരാർ - 64/AE/LSGD/ALN/19-20, 13-12-2019<br>ചെലവ് - 287953/-<br>ബിൽ നം - 35/20-21 തീ – 13-05-20 | 12 | 3372 |
| 4 | പ്രവൃത്തി - നെല്ലിപ്പള്ളി കണ്ണങ്കര റോഡ് റീ ടാറിംഗ്<br>അടങ്കൽ തുക - 727500/- (സംരക്ഷണ ഗ്രാന്റ് റോഡ്)<br>കരാറുകാരൻ - ശ്രീ. കെ ബദറുദ്ദീൻ<br>കരാർ - 60/AE/LSGD/ALN/19-20, 03-12-19<br>ചെലവ് - 583947/-<br>ബിൽ നം - 43/20-21 തീ – 16-11-2020 | 18 | 5058 |
| 5 | പ്രവൃത്തി - പ്രശാന്ത് നഗർ റോഡ് റീ ടാറിംഗ്<br>അടങ്കൽ തുക – 702738<br>(സംരക്ഷണ ഗ്രാന്റ് റോഡ്)<br>കരാറുകാരൻ - ശ്രീ. കെ ബദറുദ്ദീൻ<br>കരാർ - 57/AE/LSGD/ALN/19-20, 03-12-19<br>ചെലവ് - 678772<br>ബിൽ നം - 50/20-21 തീ – 10-11-20 | 41 | 11521 |
| | ആകെ | | 29,114/ |

കാലി ബാരലിന്റെ വില ഈടാക്കാതിരുന്നതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് തുക താഴെക്കൊടുത്തിരിക്കുന്ന രസീതുകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തി.

| രസീത് നമ്പർ /തീയതി | തുക |
|---|---|
| 1220100660/30-06-2022 | 3091 |
| 1220100659/30-06-2022 | 6072 |
| 1220100654/30-06-2022 | 16579 |
| 121220100656/30-06-2022 | 3372 |
| ആകെ | 29114 |

സർക്കുലർ 59827/FM/07/തസ്വഭവ 30-10-2017 പ്രകാരം ടാർവീപ്പയുടെ വില ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ ഗവ. ഉത്തരവ് (അച്ചടി)177/06/ധനം, തീയതി 12-04-2006 ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കണം. ടി തുകകൾ സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം – 08 / 28-06-2022

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2020-21 | 29.6.2022 മുതൽ 30.6.2022 വരെ | കെ.എസ്.എ/കെ.എൽ.എം/പി.1/1217/2022 തീയതി-22/07/2022 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക(രൂപ) | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1000000/- | 26/21 ലൈഫ് ഭവന പദ്ധതി-എസ്.സി | 1000000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 40000/- | 208/21 തരിശു സ്ഥലങ്ങളിൽ കിഴങ്ങുവിളക്കൃഷി | 40000/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 38950/- | 210/21 തരിശ്ശ സ്ഥലങ്ങളിൽ പച്ചക്കറിക്കൃഷി | 38950/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 150000/- | 19/21 അംഗൻവാടി പോഷകാഹാരം | 150000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 200000/- | 20/21 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000/- | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 100000/- | 19/21 അംഗൻവാടി | 100000/- | - |

| | | | | | |
|---|---|---|---|---|---|
| | | | പോഷകാഹാരം | | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 450000/- | 160/21 ലൈഫ് ഭവന പദ്ധതി-ജനറൽ | 450000/- | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 364495/- | 34/21 പാലിന് സബ്സിഡി | 364495/- | -- |
| ജില്ലാ പഞ്ചായത്ത് | 2020-21 | 5200000/- | 146/21 ലൈഫ് ഭവന നിർമ്മാണം ജനറൽ | 5200000/- | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 33648/- | 207/21 മത്സ്യകൃഷി | 33648/- | - |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക(രൂപ) | ചെലവഴിച്ച തുക(രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|
| KWA | 60/21 പള്ളിത്തേരി പോത്തൻപാറ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 20040752008 | 150000/- | - | 150000/- |
| KWA | 61/21 പുത്തയം മൂന്നാറ്റിൻമൂല പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 20040752008 | 134000/- | - | 134000/- |
| KWA | 65/21 ആനക്കുളം ഗവ.യു.പി.എസ്, പി.എച്ച് സബ് സെന്റർ, ഐ.സി.ഡി.പി സബ്സെന്റർ എന്നിവിടങ്ങളിൽ വാട്ടർ കണക്ഷൻ | 20040752008 | 100000/- | - | 100000/- |
| KWA | 68/21 വയലാ ആവിയോട് റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 20040752008 | 150000/- | - | 150000/- |
| KWA | 103/21 കരുകോൺ വെട്ടിത്തിരുപ്പ് റോഡ് കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 20040752008 | 194000/- | - | 194000/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 17820000/-രൂപ വരവുണ്ട്. മുൻബാക്കി 222680/-രൂപയടക്കം 18042680/-രൂപയിൽ 2789000/-രൂപ വിനിയോഗിച്ചിട്ടുണ്ട്. ( 15253680/- വായ്പയിനത്തിൽ ലഭിച്ച തുകയിൽ 15253680/-രൂപ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാൻ അവശേഷിക്കുന്നു.)

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് | തൻവർഷ വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| | നമ്പർ/തീയതി | തുക(രൂപ) | ബാക്കിയുണ്ടായിരുന്ന തുക | മുതൽ | പലിശ | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.യു.ആർ.ഡി. എഫ്.സി ലോൺ | 11.9.2018 ലെ 1(1) പഞ്ചായത്ത് കമ്മിറ്റി തീരുമാനം | 17820000/- | 24923268/- | 2195215/- | | 40548053/- |

ടി.എസ്.പി വിഹിതത്തിൽ നിന്നും തിരിച്ചടയ്ക്കുന്ന തുക വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല അപാകത ഖണ്ഡിക 1-2-1ൽ പ്രതിപാദിച്ചിട്ടുണ്ട്.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 13377/-രൂപയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക(രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/തീയതി |
|---|---|---|---|---|
| 2018-19 | 1-22 & 3-2 | 9282/- | ശ്രീ. അനീഷ്കുമാർ, എ.ഇ | 1200202816/10.3.21 |
| 2018-19 | 1-20&3-1 | 4095/- | ശ്രീമതി. ഷൈന ഹാഷിം, എ.ഇ | 1200103216/19.3.21 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-1 | 2016-17 | 3-5-5 | കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിന് സെക്രട്ടറി നമ്പർ അനുവദിച്ചുനല്കി | മറുപടി സമർപ്പിച്ചു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 200000 | ശ്രീ. സുരേഷ്കുമാർ, സെക്രട്ടറി |
| 1-19 | 134402 | ഡോ. ശ്യാം മോഹൻ |
| | 76806 | ഡോ. അനൂപ് നരേന്ദ്രൻ നായർ |
| ആകെ | 411208 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സുരേഷ്കുമാർ, സെക്രട്ടറി | സെക്രട്ടറി,<br>അലയമൺ ഗ്രാമപഞ്ചായത്ത് | നെല്ലിക്കുന്നത്ത് വീട്,<br>തുക്കോവിൽവട്ടം, മുഖത്തല |
| ഡോ. ശ്യാം മോഹൻ | മെഡിക്കൽ ഓഫീസർ,<br>കരുകോൺ | മോഹനാസ്,<br>മിൽമാ ജംഗ്ഷൻ,കല്ലുവാതുക്കൽ |
| ഡോ. അനൂപ് നരേന്ദ്രൻ നായർ | മെഡിക്കൽ ഓഫീസർ,<br>കരുകോൺ | വിജയലക്ഷ്മി വിലാസം ,<br>ചങ്ങനാശ്ശേരി |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | കെ.എസ്.എ/കെ.എൽ.എം/പി-1/447(2)/02-03-2018 | 4 |
| 1997-98 | കെ.എസ്.എ/കെ.എൽ.എം/പി-1/447(3)/02-03-2018 | 2 |
| 1998-99 | കെ.എസ്.എ/കെ.എൽ.എം/പി-1/447(4)/02-03-2018 | 4 |
| 2001-02 | കെ.എസ്.എ/കെ.എൽ.എം/പി-1/447(7)/02-03-2018 | 14 |
| 2002-03 | കെ.എസ്.എ/കെ.എൽ.എം/പി-1/447(8)/02-03-2018 | 4 |
| 2003-04 | കെ.എസ്.എ/കെ.എൽ.എം/പി-1/447(9)/02-03-2018 | 1 |
| 2004-05 | കെ.എസ്.എ/കെ.എൽ.എം/പി-1/447(10)/02-03-2018 | 9 |
| 2005-06 | കെ.എസ്.എ/കെ.എൽ.എം/പി-1/447(11)/02-03-2018 | 9 |
| 2006-07 | എൽ.എഫ്.ക്യൂ/പി1/796(2)/19/10.06.19 | 4 |
| 2007-08 | എൽ.എഫ്.ക്യൂ/പി1/796(1)/19/10.06.19 | 10 |
| 2008-09 | എൽ.എഫ്.ക്യൂ/പി1/796(3)/19/10.06.19 | 10 |
| 2009-10 & 2010-11 | എൽ.എഫ്.ക്യൂ/പി1/796(4)/19/10.06.19 | 9 |
| 2011-12 & 2012-13 | എൽ.എഫ്.ക്യൂ/പി1/29/20/05.05.20 | 18 |
| 2013-14 & 2014-15 | എൽ.എഫ്.ക്യൂ/പി1/1132/2016/14.4.17 | 19 |
| 2015-16 | കെ.എസ്.എ/കെ.എൽ.എം-പി-1/1353/2017/17.03.18 | 8 |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ/കെ.എൽ.എം-പി-1/890/2018/9.7.2018 | 19 |
| 2017-18 | കെ.എസ്.എ/കെ.എൽ.എം-പി-1/56/2019/9.12.19 | 10 |
| 2018-19 | കെ.എസ്.എ/കെ.എൽ.എം-പി-1/426/2020/5.6.2020 | 19 |
| 2019-20 | കെ.എസ്.എ/കെ.എൽ.എം-പി-1/562/2021/27.3.21 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ അലയമൺ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ അലയമൺ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം